**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1690** **20-06-2024 - ൽ മറുപടിയ്ക്ക്**

**കർഷക പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കർഷക പെൻഷൻകാർക്ക് ലഭിക്കുന്ന തുക എത്രയാണെന്ന് അറിയിക്കുമോ; | (എ) | 1600/-രൂപ |
| (ബി) | കർഷക പെൻഷന് അപേക്ഷിക്കുമ്പോൾ സമർപ്പിക്കേണ്ട രേഖകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; ഇതിനായി അപേക്ഷ നൽകേണ്ടത് ഏത് ഓഫീസിലാണെന്ന് വ്യക്തമാക്കാമോ; കർഷക പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (ബി) | കർഷക പെൻഷന് അപേക്ഷിക്കുമ്പോൾ സമർപ്പിക്കേണ്ട രേഖകൾ അപേക്ഷാ ഫോറം, ആധാറിന്റെ കോപ്പി, പാസ്സ്ബുക്കിന്റെ കോപ്പി, റേഷൻ കാർഡിന്റെ കോപ്പി, 10 സെന്റിൽ കുറയാത്ത വസ്തുവിന്റെ കരം അടച്ച റെസീപ്റ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവയാണ്. കൃഷി ഭവനിലാണ് അപേക്ഷ നൽകേണ്ടത്.<br><br>**കർഷക പെൻഷൻ അനുവദിക്കുന്നതിനുള്ള പ്രധാന മാനദണ്ഡങ്ങൾ**<br><br>1. 60 വയസ്സ് പൂർത്തിയാക്കിയ 10 സെന്റിൽ കൃഷി ചെയ്യുന്ന/ ചെയ്തുവരുന്നതും പരമാവധി 2 ഹെക്ടർ സ്ഥലം വരെ കൃഷിഭൂമിയുള്ളവരുമായ കൃഷി മുഖ്യ ഉപജീവനമാർഗ്ഗമാക്കിയ കർഷകന് ഈ പദ്ധതിയിൽ അംഗമാകാൻ അർഹതയുണ്ടായിരിക്കും.<br>2. തെരെഞ്ഞെടുക്കപ്പെടുന്ന കർഷകർക്കുള്ള മെമ്പർഷിപ്പ് ഫീസ് 25 രൂപ ആയിരിക്കും.<br>3. കർഷകന്റെ വാർഷിക വരുമാനം കണക്കാക്കുമ്പോൾ കർഷകന്റെ/കർഷകയുടെ വാർഷിക വരുമാനവും അവരുടെ ജീവിത പങ്കാളിയുടെ വാർഷിക വരുമാനവും പരിഗണിക്കേണ്ടതും ആയത് ഒന്നരലക്ഷം രൂപയിൽ താഴെയായിരിക്കേണ്ടതുമാണ്.<br>4. സർവ്വീസിൽ നിന്നും വിരമിച്ച സർക്കാർ ജീവനക്കാർ, പെൻഷൻ കൈപ്പറ്റുന്ന മറ്റു വിഭാഗങ്ങൾ എന്നിവർക്ക് കർഷകപെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല. എന്നാൽ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നവർക്കും ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ |

| | | | |
|---|---|---|---|
| | | | പദ്ധതി പ്രകാരം പെൻഷൻ ലഭിക്കുന്നവർക്കും കർഷക പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും.<br>5. കഴിഞ്ഞ പത്ത് കൊല്ലമായി കൃഷി ചെയ്തു ജീവിച്ചുവരുന്നവർക്കാണ് പദ്ധതിയിൽ ചേരാൻ അർഹതയുള്ളത്.<br>6. വർഷങ്ങളായി വിദേശത്ത് ജോലി ചെയ്ത് മടങ്ങിയെത്തിയവർക്ക് കുറഞ്ഞത് 10 വർഷമെങ്കിലും കാർഷിക മേഖലയിൽ ജോലി ചെയ്താൽ മറ്റ് നിബന്ധനകൾക്ക് വിധേയമായി കർഷക പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്<br>7. കർഷക പെൻഷന് അപേക്ഷിക്കുന്ന വ്യക്തിയുടെ പേര് വിവരങ്ങൾ ബന്ധപ്പെട്ട കൃഷി ഓഫീസർ സർട്ടിഫൈ ചെയ്യേണ്ടതും ഓരോ മാസത്തെയും കാർഷിക വികസന സമിതിയിൽ അവതരിപ്പിച്ച് അംഗീകാരം തേടേണ്ടതും അംഗീകാരം ലഭിക്കുന്ന മാസം മുതൽ പെൻഷൻ പദ്ധതിയിൽ അംഗത്വം നൽകാവുന്നതുമാണ് .<br>8. ഒരു കുടുംബത്തിൽ ഭാര്യക്കോ ഭർത്താവിനോ (ഒരാൾക്ക്) മാത്രമേ കർഷക പെൻഷന് അർഹതയുള്ളൂ. പെൻഷൻ ലഭിക്കുന്ന ആൾ മരണമടഞ്ഞാൽ മറ്റു വരുമാനങ്ങളില്ലാത്തപക്ഷം ജീവിത പങ്കാളിയ്ക്ക് പെൻഷൻ നൽകാവുന്നതാണ്.<br>9. 21.01.2017 മുതൽ പുതുതായി കർഷക പെൻഷന് അർഹരാകുന്നവർക്ക് സാമൂഹ്യ സുരക്ഷ പെൻഷന് അർഹതയുണ്ടായിരിക്കില്ല.<br>10. പുതിയ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുവാൻ സർക്കാരിന്റെ മുൻകൂർ അനുമതി തേടേണ്ടതാണ്.<br>11. 85 വയസ്സിന് മുകളിലുള്ള കർഷകൻ, മാനസികമോ ശാരീരികമോ ആയ 80% ന് മുകളിൽ വൈകല്യമുള്ളവർ, സ്ഥിരമായി കിടപ്പിലുള്ള രോഗികൾ എന്നിവർക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ബോദ്ധ്യപ്പെടുന്ന പക്ഷം ആധാർ കാർഡ് നിർബന്ധമാക്കേണ്ടതില്ല. |
| (സി) | അപേക്ഷ സമർപ്പിച്ച കർഷകൻ പെൻഷന് അർഹനാണെങ്കിൽ പ്രസ്തുത വിവരം അപേക്ഷകനെ എങ്ങനെയാണ് അറിയിക്കുന്നത്; വിശദാംശം നൽകാമോ? | (സി) | കർഷക പെൻഷനുവേണ്ടി കൃഷി ഭവനുകളിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ഉറപ്പ് വരുത്തിയതിനു ശേഷം കാർഷിക വികസന സമിതിയുടെ അംഗീകാരത്തോടു കൂടി അർഹരായ അപേക്ഷകരുടെ ലിസ്റ്റ് സർക്കാർ അംഗീകാരം |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കിയ ശേഷം കൃഷിഭവൻ മുഖേന അപേക്ഷകനെ അറിയിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ